# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 07-10-2016- ൽ

നം: 2526 മറുപടിയ്ക്ക്

### ന്യൂനപക്ഷ ക്ഷേമപദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ. പി.കെ.ബഷീർ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. അബ്ദുൽ ഹമീദ് പി. | | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | കേന്ദ്രസഹായത്തോടെ സംസ്ഥാനത്തു നടപ്പാക്കേണ്ട ന്യൂനപക്ഷ ക്ഷേമപദ്ധതികൾ സ്തംഭനാവസ്ഥയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ന്യൂനപക്ഷ ക്ഷേമത്തിനായി കേന്ദ്രസഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കി വന്നിരുന്ന പദ്ധതികളുടെ വിശദവിവരം നൽകാമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതികളുടെ തുടർ നടത്തിപ്പിനുള്ള ഫണ്ട് കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | സ്വീകിരിച്ചിട്ടുണ്ട്.<br>സംസ്ഥാനത്ത് ടി പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിലെ ബ്ലോക്ക് ലെവൽ കമ്മിറ്റികൾ (BLC) ആ പ്രദേശത്തെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളുടെ സഹായത്തോടെ തയ്യാറാക്കുന്ന പദ്ധതികൾ ജില്ലാതല കമ്മിറ്റിയുടെ (DLC) അംഗീകാരത്തോട് കൂടി വകുപ്പ് മുഖാന്തിരം കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് 12-ാം പദ്ധതിയിൽ വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ ഒന്നാം ഘട്ടമായി 2430.04 ലക്ഷം രൂപയുടെ പദ്ധതികൾക്കും രണ്ടാം ഘട്ടമായി 1766.07 ലക്ഷം രൂപയുടെ പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ ഒന്നാം ഘട്ട പദ്ധതികളിൽ കേന്ദ്ര വിഹിതമായി ലഭിക്കേണ്ട മുഴുവൻ തുകയും (1815.04 ലക്ഷം രൂപ), രണ്ടാം ഘട്ടമായി അംഗീകരിക്കപ്പെട്ട പദ്ധതികളിൽ കേന്ദ്ര വിഹിതമായി ലഭിക്കേണ്ട തുകയുടെ 50% തുകയും (645.36 ലക്ഷം രൂപ) ഇതിനകം ലഭിച്ചിട്ടുണ്ട്. കൂടാതെ ടി പദ്ധതിയിലെ കുടിവെള്ള വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് 733.96 ലക്ഷം രൂപയുടെ പദ്ധതികൾ അംഗീകരിച്ചതിൽ കേന്ദ്ര വിഹിതമായി ലഭിക്കേണ്ടുന്ന തുകയുടെ 50% തുക (183.49 ലക്ഷം രൂപ) കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

ന്യൂനപക്ഷക്ഷേമ വകുപ്പ് നിലവിൽ വന്ന ശേഷം 11-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ മൾട്ടി സെക്ടറൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി) പദ്ധതി നടപ്പാക്കിയിരുന്നു. സംസ്ഥാനത്ത് വയനാട് ജില്ലയിലാണ് ടി പദ്ധതി നടപ്പിലാക്കിയത്. 12-ാം പഞ്ചവത്സര പദ്ധതിയിൽ ടി പദ്ധതി വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾക്ക് പുറമെ മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലും നടപ്പാക്കി വരുന്നു. വിദ്യാഭ്യാസ-ആരോഗ്യ-കുടിവെള്ള മേഖലകൾക്കാണ് പദ്ധതി ഊന്നൽ നൽകുന്നത്. 11-ാം പഞ്ചവത്സര പദ്ധതിയിൽ മുഴുവൻ പദ്ധതി നിർദ്ദേശങ്ങൾ പൂർത്തീകരിക്കുവാനും, ദേശീയതലത്തിൽ സംസ്ഥാനത്തെ ഒന്നാം സ്ഥാനത്ത് എത്തിക്കുന്നതിനും വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. 12-ാം പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**11-ാം പഞ്ചവത്സര പദ്ധതിയിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

**(വയനാട് ജില്ല)**

| പദ്ധതി നിർദ്ദേശങ്ങൾ | യൂണിറ്റുകളുടെ എണ്ണം |
|---|---|
| ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നിർമ്മാണം | 10 |
| സർക്കാർ സ്കൂളുകളിലെ അധിക ക്ലാസ്സ് മുറികളുടെയും ലാബുകളുടെയും നിർമ്മാണം/ വികസനം | 38 |
| പാടിച്ചിറ കുടിവെള്ള പദ്ധതി മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | 1 |
| നടവയൽ കുടിവെള്ള പദ്ധതി പൂത്താടി ഗ്രാമപഞ്ചായത്ത് | 1 |
| പടിഞ്ഞാറേത്തറ-കുപ്പാടിത്തറ കുടിവെള്ള പദ്ധതി പടിഞ്ഞാറേത്തറ ഗ്രാമപഞ്ചായത്ത് | 1 |
| മേപ്പാടി പോളിടെക്നിക്കിന്റെ ലാബ് നവീകരണം | 1 |
| സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയുടെ 2,3,4 നിലകളുടെ നിർമ്മാണം | 1 |

**12-ാം പഞ്ചവത്സര പദ്ധതിയിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

**(വയനാട് ജില്ല)**

| പദ്ധതി നിർദ്ദേശങ്ങൾ | യൂണിറ്റുകളുടെ എണ്ണം |
|---|---|
| ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നിർമ്മാണം | 22 |
| സർക്കാർ സ്കൂളുകളിലെ അധിക ക്ലാസ്സ് മുറികളുടെയും ലാബുകളുടെയും നിർമ്മാണം/ വികസനം | 181 |
| കുടിവെള്ള പദ്ധതി | 15 |
| സൈക്കിൾ വിതരണം | 1 |
| ബേസ് ലൈൻ സർവ്വെ | 1 |
| ഓറിയന്റേഷൻ പ്രോഗ്രാം | 1 |

**(മലപ്പുറം ജില്ല)**

| പദ്ധതി നിർദ്ദേശങ്ങൾ | യൂണിറ്റുകളുടെ എണ്ണം |
|---|---|
| സർക്കാർ സ്കൂളുകളിലെ അധിക ക്ലാസ്സ് മുറികളുടെ നിർമ്മാണം | 4 |
| സൈക്കിൾ വിതരണം | 1 |
| ബേസ് ലൈൻ സർവ്വെ | 1 |
| ഓറിയന്റേഷൻ പ്രോഗ്രാം | 1 |

**സെക്ഷൻ ഓഫീസർ**